പഞ്ചായത്തുതല ബൃഹത് ശുദ്ധജല വിതരണ പദ്ധതിയും നടപ്പിലാക്കാൻ വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിലൂടെ ഏകദേശം 41431-ഓളം കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി അനുവദിച്ച ഉക ചെലവഴിച്ച മികവ് അനുസരിച്ച് കേന്ദ്രത്തിൽനിന്നും 75 കോടി രൂപ അഡീഷണൽ ഫണ്ടായിട്ടും 24.70 കോടി രൂപ ഇൻസെന്റീവ് ഫണ്ടായിട്ടും (ഒക്കം 99.70 കോടി) 2012-13-ലും 67.31 കോടി രൂപ അഡീഷണൽ ഫണ്ടായും 2.69 കോടി രൂപ ഇൻസെന്റീവ് ഫണ്ടായും (ഒക്കം 70.00 കോടി രൂപ) 2013-14-ലും കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കികഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിനു വേണ്ട പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കീഴുദ്യോഗങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതു കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

ജലനിധി മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിവിധ ജില്ലകളിലെ പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടത്തിലും (ആസൂത്രണം-നിർവ്വഹണം) ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. പദ്ധതിയുടെ സാധന സാമഗ്രികൾ വാങ്ങുന്നതിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഇതിലൂടെ സാധിക്കുന്നു.

നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതി

151 (2360) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമ പഞ്ചായത്തുകൾക്കായുള്ള സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതി നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഒരു സമഗ്ര കുടിവെള്ള പദ്ധതിപോലുമില്ലാത്ത, രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്കായി ഈ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 59.30 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരികയാണ്.

കായംകുളം വാട്ടർ അതോറിറ്റി ആഫീസിന്റെ ജീർണ്ണാവസ്ഥ

152 (2361) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വാട്ടർ അതോറിറ്റി ആഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചുവരുന്നു. 28-12-2015-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

കുടിവെള്ള പദ്ധതി

153 (2362) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബന്തടുക്ക-കരിവേടകം വില്ലേജുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly